പതിനാലാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ- *623

24.05.2017-ലെ മറുപടിയ്ക്ക്

# വിഷൻ 2020

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ശ്രീ.വി.ഡി.സതീശൻ<br>ശ്രീ.സണ്ണി ജോസഫ്<br>ശ്രീ.എ.പി.അനിൽ കുമാർ | | ശ്രീ.പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | മുൻ രാഷ്ട്രപതി എ.പി.ജെ. അബ്ദുൾ കലാം മുന്നോട്ടുവച്ച വിഷൻ 2020 നടപ്പിലാക്കുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ) | ബഹുമാനപ്പെട്ട മുൻ രാഷ്ട്രപതി ശ്രീ.എ.പി.ജെ.അബ്ദുൾ കലാം 2005 ജൂലൈ മാസം കേരള നിയമസഭയിൽ കേരളത്തിന്റെ വികസനത്തിനായി നിർദ്ദേശിച്ച 10 ദൗത്യങ്ങളോടൊപ്പം കേരളത്തിന്റെ വികസനത്തിനും ദാരിദ്ര്യനിർമ്മാർജ്ജനത്തിനും മുൻഗണന നൽകുന്ന 6 ദൗത്യങ്ങൾ കൂടി കൂട്ടിച്ചേർത്ത് 16 പദ്ധതികളാണ് വിഷൻ 2020 പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നത്. ഇവ താഴെ പറയുന്നു.<br>1.വിനോദസഞ്ചാരം<br>2.ഉൾനാടൻജലഗതാഗത പാത വികസനം<br>3.വിജ്ഞാന ഉൽപ്പന്നങ്ങളുടെ വിപണനവും വികസനവും<br>4.ഔഷധസസ്യങ്ങളുടെയും ആയുർവേദ ഉൾപ്പന്നങ്ങളുടെയും നിർമ്മാണം |

| | | | | |
|---|---|---|---|---|
| | | | | 5.നഴ്സുമാർക്കും പാരാമെഡിക്കൽ ജീവനക്കാർക്കും ഗുണമേന്മയുള്ള പരിശീലനം<br>6. പ്രത്യേക സാമ്പത്തിക മേഖലകളുടെ രൂപീകരണം<br>7.ആഴക്കടൽ മത്സ്യബന്ധനവും സമുദ്രമത്സ്യസംസ്കരണവും വിപണനവും<br>8. സമുദ്രമേഖയിലെ 'പുര'<br>9.റബ്ബർ, തേയില, കാപ്പി, സുഗന്ധദ്രവ്യങ്ങൾ, നാളികേരം, പഴവർഗ്ഗങ്ങൾ എന്നിവയുടെ മൂല്യവർദ്ധന പരിപാടി<br>10.വികസനത്തെ സഹായിക്കുന്ന ബഹിരാകാശ ദൗത്യം<br>11. കൃഷി<br>12. പരമ്പരാഗത വ്യവസായങ്ങൾ<br>13. ദാരിദ്ര്യ നിർമ്മാർജ്ജനം<br>14.പൊതുമേഖലയുടെ പുനഃസംഘടന<br>15. വികേന്ദ്രീകരണ പ്രവർത്തനങ്ങൾ<br>16. പരിസ്ഥിതി സംരക്ഷണം.<br>മുകളിൽപ്പറഞ്ഞ കർമ്മ പരിപാടികൾ യാഥാർത്ഥ്യമാക്കുന്നതിനായി ബന്ധപ്പെട്ട വകുപ്പുകൾ നടപടി സ്വീകരിച്ചുവരികയാണ്.<br><br>..............2 |

| | | | |
|---|---|---|---|
| (ബി) | രണ്ട് പതിറ്റാണ്ടുകളായി മുടങ്ങിക്കിടക്കുന്ന ജല പാതകളുടെ വികസനം യാഥാർത്ഥ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; | (ബി) | സ്വീകരിച്ചു വരികയാണ് |
| (സി) | ജലപാത വികസനത്തിന് സിയാലിന്റെ സേവനം തേടുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; | (സി) | ജലപാത വികസനത്തിന് സിയാലിന്റെ സേവനം ഉൾപ്പെടെയുള്ള കാര്യങ്ങൾ പരിഗണനയിലാണ്. |
| (ഡി) | സമയബന്ധിതമായി പ്രസ്തുത പദ്ധതി പൂർത്തീകരിക്കുവാൻ നടപടി സ്വീകരിക്കുമോ? | (ഡി) | സമയബന്ധിതമായി ഈ പദ്ധതി പൂർത്തീകരിക്കാൻ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. |

സെക്ഷൻ ഓഫീസർ